## ഉൾവനങ്ങളിലെ ആദിവാസികൾക്കും ഭക്ഷ്യക്കിറ്റ് നൽകി കുടുംബശ്രീ

കോവിഡ് 19 കാരണം പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട്, അരുവാപ്പുലം, സീതത്തോട്, തണ്ണിത്തോട് പഞ്ചായത്തുകളിലെ ആദിവാസി ജീവിതം അങ്ങേയറ്റം ദുരിതത്തിലായ സമയത്ത് കാടിന്റെ മക്കളെ തേടി കുടുംബശ്രീയുടെ കാരുണ്യം. വനത്തിൽ സ്ഥിരതാമസമില്ലാത്ത മലമ്പണ്ടാര വിഭാഗത്തിൽ പെട്ട കുടുംബങ്ങളാണ് ലോക്ക് ഡൗൺ കാരണം പട്ടിണിയിലായത്. വനവിഭവങ്ങൾക്ക് ആവശ്യക്കാരില്ലാതായതാണ് ഇവരുടെ ദുരിതത്തിനു കാരണം. ഇവരിൽ ചിലർ ഈ മേഖലയിൽ പ്രവർത്തിക്കുന്ന അനിമേറ്റർമാരെ തങ്ങളുടെ വിഷമതകൾ അറിയിച്ചതിനെ തുടർന്നാണ് കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ ഈ വിഭാ ഗങ്ങൾക്കാവശ്യമായ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തത്.

റാന്നി പെരുനാട്, അരുവാപ്പുലം, സീതത്തോട്, തണ്ണിത്തോട് പഞ്ചായത്തുകളിലെ 100 കുടുംബങ്ങൾക്കാണ് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തത്. ഗോതമ്പു പൊടി, ശർക്കര, പഞ്ചസാര, കാപ്പിപ്പൊടി, റസ്ക്, ബിസ്ക്കറ്റ്, കടല, ബ്രഡ്, ഉണക്കമീൻ, സോപ്പ് എന്നിയടങ്ങിയ കിറ്റാണ് നൽകിയത്. അരി ആവശ്യപ്പെട്ട ചില കുടുംബങ്ങൾക്ക് അത് അടുത്ത ദിവസങ്ങളിൽ തന്നെ കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ എത്തിച്ചു കൊടുത്തു. ഏപ്രിൽ ആദ്യവാരം കുടുംബശ്രീയുടെ നേതൃത്വത്തിൽ ഭക്ഷ്യക്കിറ്റിന്റെ വിതരണം നടത്തിയിരുന്നു. അതിന്റെ തുടർച്ചയായിട്ടാണ് രണ്ടാംതവണയും ജില്ലാമിഷൻ അധികൃതർ നേരിട്ട് ഇവർക്കാവശ്യമായ ഭക്ഷ്യവസ്തുക്കളടങ്ങിയ കിറ്റ് നൽകിയത്. പെരുനാട് 38, സീതത്തോട് 44, തണ്ണിത്തോട് 8, അരുവാപ്പുലം പത്തും കുടുംബങ്ങൾക്ക് കിറ്റ് വിതരണം ചെയ്തു. മൂന്നു ദിവസങ്ങൾക്കുള്ളിൽ നാലു പഞ്ചായത്തുകളിലും

ഭക്ഷ്യക്കിറ്റിന്റെ വിതരണം പൂർത്തിയാക്കാൻ ജില്ലാ മിഷന് സാധിച്ചു. പട്ടികവർഗ മേഖലയിൽ നിന്നു തന്നെയുള്ള അനിമേറ്റർമാരുടെ സഹായവും ഇതിനായി ലഭിച്ചു.

ജില്ലാ മിഷൻ കോഓർഡിനേറ്റർ കെ.വിധു, അസിസ്റ്റന്റ് കോഓർഡിനേറ്റർ മണികണ്ഠൻ, ജില്ലാ പ്രോഗ്രാം മാനേജർമാരായ ഷാജഹാൻ, ഉണ്ണിക്കൃഷ്ണൻ പി.കെ, അക്കൗൺന്റ് ഷീൻ.കെ എന്നിവരാണ് ഭക്ഷ്യക്കിറ്റ് വിതരണം നടത്തിയത്.